**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3962** **28-06-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റത്തിലെ പോലീസ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2016 ന് ശേഷം അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം സംബന്ധിച്ച് സംസ്ഥാന പോലീസ് വകുപ്പിന് ലഭിച്ചിട്ടുള്ള ആകെ പരാതികൾ എത്രയെണ്ണമാണെന്നും ഇതിൽ ഏതൊക്കെ പരാതികളിലാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം സംബന്ധിച്ച് സംസ്ഥാന പോലീസ് വകുപ്പിന് ആകെ 65 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ എല്ലാ പരാതികളിലും അന്വേഷണം നടത്തിയിട്ടുള്ളതും 5 പരാതികളിന്മേൽ താഴെപ്പറയും പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.<br><br>ഷോളയൂർ പോലീസ് സ്റ്റേഷനിൽ പപ്പൽ D/o മണി സമർപ്പിച്ച പരാതിയിന്മേൽ Cr. 181/18, രാജേഷ് S/o റസ്സി സമർപ്പിച്ച പരാതിയിന്മേൽ Cr. 40/23, അഗളി പോലീസ് സ്റ്റേഷനിൽ രാമൻ S/o മരുതൽ സമർപ്പിച്ച പരാതിയിന്മേൽ Cr. 42/22, മരുതൻ S/o കക്കി സമർപ്പിച്ച പരാതിയിന്മേൽ Cr. 192/22, മുരുകൻ S/o കോരൻ സമർപ്പിച്ച പരാതിയിന്മേൽ Cr.43/23 നമ്പർ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ആകെ എത്ര പരാതികളാണ് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര പരാതികളിലാണ് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ; റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത വിഷയത്തിൽ സംസ്ഥാന പോലീസ് മേധാവിക്ക് ആകെ 14 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 5 പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (6 പരാതികൾ സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ തീർപ്പാക്കിയിട്ടുണ്ട്). |
| (സി) | ആദിവാസി ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട വാർത്തകൾ റിപ്പോർട്ട് ചെയ്ത മാധ്യമപ്രവർത്തകർക്കെതിരെ പോലീസ് കേസെടുക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (സി) | ഇതുമായി ബന്ധപ്പെട്ട് വാർത്തകൾ റിപ്പോർട്ട് ചെയ്ത മാധ്യമപ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) | ഇപ്രകാരം മാധ്യമ പ്രവർത്തകർക്ക് എതിരായി ആകെ എത്ര കേസുകളാണ് എടുത്തിട്ടുള്ളതെന്നും ഏതൊക്കെ കുറ്റകൃത്യങ്ങൾ ചുമത്തിയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും പ്രസ്തുത കേസുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കുമോ? | (ഡി) | ഉത്തരം (സി) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

[illegible] (PS)
732/[illegible]47/2023/HOME(OS)

18/6/22 10858

A

പ്രേക്ഷിത

വിജയലക്ഷമി
അരുന്ധതിയിൽ വീട്
പരുത്തിപ്ര
ഷൊർണ്ണൂർ
പാലക്കാട് ജില്ല
Pin 679121
Mob : 9605348092

സ്വീകർത്താവ്
സെക്രട്ടറി,
പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതി,
കേരള നിയമസഭ സെക്രട്ടറിയേറ്റ്,
വികാസ് ഭവൻ PO, TVM

സർ,

എന്റെ പേര് വിജയലക്ഷമി.പാലക്കാട് ജില്ല, ഒററപ്പാലം താലൂക്ക്, ഷൊർണ്ണൂർ മുനിസിപ്പാലിററിയിൽ 26 –ാം വാർഡിൽ താമസിക്കുന്നു.

കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ കമ്മീഷനു ഞാൻ ബോധിപ്പിക്കുന്ന സങ്കടഹർജി.ഞങ്ങൾ 30 വർഷം മുമ്പ് പരുത്തിപ്ര സുബ്രമഹ്ണ്യ സ്വാമി അമ്പലത്തിലെ പൂജാരിയുടെ സ്ഥലം വാങ്ങിച്ച് വീട് വക്കാൻ തുടങ്ങി. ഞങ്ങൾക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും കിട്ടിയ പൈസക്ക് ആണ് ഞങ്ങൾ സ്ഥലം വാങ്ങിയത്. ഞങ്ങളുടെ മേലെ വീട്ടുകാർ പാലാട്ടു ഗോകുലം നിവാസ് അരവിന്ദാക്ഷൻ കുടുംബമാണ് താമസിക്കുന്നത്.വീടിനു തറപ്പണി തുടങ്ങിയപ്പോൾ തന്നെ അവർ പ്രശ്നങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. അവിടെ കക്കൂസ് കെട്ടുമ്പോൾ അവരുടെ കിണറിലേക്ക് മലിനജലം കലരും എന്നു പറഞ്ഞ് തടസപ്പെടുത്തി നിർത്തിച്ചു. അവരുടെ വീട് മുകൾ ഭാഗത്തും ഞങ്ങളുടെ വീട് താഴ് ഭാഗത്തും ആണ്.അന്നു തൊട്ടു വളരെ മോശമായ രീതിയിൽ ആണു അവർ പെരുമാറുന്നത്.അടുത്ത വീട്ടിൽ നിന്നാണ് കുടിവെള്ളം ഞങ്ങൾ കൊണ്ടു വരുന്നത്. അവരോട് ഞങ്ങൾക്ക് വെള്ളം കൊടുക്കരുത് എന്നു പറഞ്ഞ് വെള്ളം മുടക്കുകയാണ്. അവരെ എന്തിനാണ് കുടിവെള്ളം

Bl No- 14

# പോലീസ് വകുപ്പ്
# കേരളം

**No. K8-104854/2023/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 12-07-2023

പ്രേഷകൻ

**സംസ്ഥാന പോലീസ് മേധാവി**
കേരളം

സ്വീകർത്താവ്

**അഡീഷണൽ ചീഫ് സെക്രട്ടറി**
ആഭ്യന്തരം (ജെ) വകുപ്പ്
കേരള സർക്കാർ, തിരുവനന്തപുരം

സർ,,

വിഷയം : ശ്രീമതി. വിജയലക്ഷ്മി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് അയക്കുന്നത്

സൂചന : 1) 16/06/2023 തീയതിയിലെ ജെ2/252/2023/ആഭ്യന്തരം/നമ്പർ കത്ത്
2) 06/07/2023 തീയതിയിലെ പാലക്കാട് ജില്ലാ പോലിസ് മേധാവിയുടെ ജി3(എ))/49501/2023/പി/നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. ശ്രീമതി. വിജയലക്ഷ്മി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ചപരാതിയിന്മേൽ ഷോർണ്ണൂർ ഡി.വൈ.എസ്.പി അന്വേഷണം നടത്തി പാലക്കാട്, ജില്ലാ പോലീസ് മേധാവി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അന്വേഷണത്തിൽ പരാതി സംബന്ധിച്ച് പരാതികക്ഷിയെയും എതിർകകളെയും വിളിച്ചു വിശദമായ അന്വേഷണം നടത്തി മൊഴി രേഖപ്പെടുത്തിയതിൽ ഇരു കുടുംബങ്ങളും സുമാർ 30 വർഷമായി പരാതിയിൽ പറയുന്ന സ്ഥലത്ത് താമസിക്കുകയാണെന്നും, പരാതികക്ഷിയും എതിർകക്ഷികളും തമ്മിലുള്ള സ്ഥല സംബന്ധമായ തർക്കത്തിന് എതിർകക്ഷികൾ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം മുൻസിഫ് കോടതിയിൽ OS/216/22 ആയി കേസ് നിലവിലുണ്ടെന്നും, ടി കേസ് വിധി ആയതിന് ശേഷം മേൽ നടപടി സ്വീകരിച്ചാൽ മതിയെന്ന് പരാതികക്ഷിയും എതിർകക്ഷികളും മൊഴി പറഞ്ഞതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണെന്നും കൂടാതെ കേസ് വിധിയാകുന്നതു വരെ ഇരു കൂട്ടരും സ്ഥലത്ത് ക്രമസമാധാന പ്രശ്നം ഉണ്ടാക്കരുതെന്ന് കർശന നിർദേശം നൽകിയിട്ടുള്ളതായി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

സൂചന (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

**കൃഷ്ണകുമാർ ബി**
**സൂപ്രണ്ട് ഓഫ് പോലീസ് (ic)**

K8-104854/2023/PHQ
446286

**No. G3(a)-49501/2023/P**
ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
✉spplkd.pol@kerala.gov.in
📞04912536700
തീയതി. 06-07-2023

പ്രേഷകൻ

**ജില്ലാ പോലീസ് മേധാവി,**
പാലക്കാട്.

സ്വീകർത്താവ്

**സംസ്ഥാന പോലീസ് മേധാവി,**
കേരളം, തിരുവനന്തപുരം.

Sir,

വിഷയം : ശ്രീമതി. വിജയലക്ഷ്മി പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : No. K8-104854/2023/PHQ തീയതി. 22-06-2023

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു.

പരാതിക്കാരിയായ ശ്രീമതി.വിജയലക്ഷ്മിക്കും കുടുംബത്തിനും അയൽവാസിയായ പാലാട്ട് വീട്ടിൽ ലീലയുടെയും മക്കളുടെയും ഭാഗത്ത് നിന്നും പലതരത്തിലുള്ള ശല്യം ഉണ്ടാകുന്നു എന്നും ആയതിനു സംരക്ഷണം ഉണ്ടാകണം എന്നും മറ്റും ആണ് പരാതി ചുരുക്കം.

പ്രസ്തുത പരാതിക്കാര്യം ഷൊർണ്ണൂർ DYSP മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ, ഇരു കുടുംബങ്ങളും സുമാർ 30 വർഷമായി പരാതിയിൽ പറയുന്ന സ്ഥലത്ത് താമസിക്കുന്നവരാണ് എന്നും, താമസം തുടങ്ങിയ സമയം മുതൽ പരാതിക്കാരും അയൽവാസികളായ പാലാട്ട് വീട്ടിൽ മരിച്ച അരവിന്ദാക്ഷനും, ഭാര്യ ലീലയും മക്കളും തമ്മിൽ അതിർത്തി തർക്കത്തിലാണ്. അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് പല തവണ ഷൊർണ്ണൂർ പോലീസ് സ്റ്റേഷനിൽ ഇരു കക്ഷികളും പരസ്പ്പരം പരാതി കൊടുത്തിരുന്നു എന്നും ആയതിന്റെ പേരിൽ പോലീസ് വിളിച്ചു സംസാരിച്ചിട്ടുള്ളതും നിലവിൽ പരാതിക്കാരും എതിർകക്ഷികളും തമ്മിലുള്ള സ്ഥല സംബന്ധമായ തർക്കത്തിന് എതിർകക്ഷികൾ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ബഹു. ഒറ്റപ്പാലം മുൻസിഫ് കോടതിയിൽ OS 216/22 ആയി കേസ് നിലവിലുണ്ട് എന്നും, ടി കേസ് വിധി ആയതിനു ശേഷം മേൽ നടപടി സ്വീകരിച്ചാൽ മതിയെന്ന് പരാതിക്കാരും, എതിർകക്ഷികളും മൊഴി പറഞ്ഞതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. കൂടാതെ കേസ് വിധി ആകുന്നത് വരെ ഇരു കൂട്ടരും സ്ഥലത്ത് ക്രമസമാധാന പ്രശ്നം ഉണ്ടാക്കരുത് എന്ന് കർശനമായി നിർദേശം കൊടുത്തിട്ടുള്ളതാണ് എന്ന വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

ഷൊർണ്ണൂർ DYSP യുടെ അന്വേഷണ റിപ്പോർട്ടിന്റെയും, ലീലയുടെയും, വിജയലക്ഷ്മിയുടെയും മൊഴികളുടെയും പകർപ്പുകൾ ഇതോടൊപ്പം തുടർനടപടികൾക്കായി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

G3(a)-49501/2023/P
143993

രാധാകൃഷ്ണൻ കെ എൽ
അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്
For District Police Chief

G3(a)-49501/2023/P

143993

സബ് ഡിവിഷണൽ പോലീസ് ഓഫീസ്
ഷൊർണ്ണൂർ, പാലക്കാട് ജില്ല
PIN: 679121 തിയ്യതി: 28.06.23
E.Mail.dyspsrrpkd.pol@kerala.gov.in
Ph. 0466-2222409

പ്രേഷകൻ

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
ഷൊർണ്ണൂർ.

സ്വീകർത്താവ്

ജില്ലാ പോലീസ് മേധാവി
പാലക്കാട്

സാർ

വിഷയം : ശ്രീമതി വിജയലക്ഷ്മി, പരുത്തിപ്ര സമർപ്പിച്ച പരാതി സംബന്ധിച്ച് - റിപ്പോർട്ട് സമർപ്പണം

സൂചന : Endt No G3(a)-49501/2023/P Dated. 25.06.2023

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും സാദരം ശ്രദ്ധ ക്ഷണിക്കുന്നു.

പരാതി ചുരുക്കം:-പരാതിക്കാരിയായ ശ്രീമതി വിജയലക്ഷ്മിക്കും കുടുംബത്തിനും അയൽ വാസിയായ പാലാട്ട് വീട്ടിൽ ലീലയുടേയും മക്കളുടേയും ഭാഗത്തു നിന്നും പല തരത്തിലുള്ള ശല്യം ഉണ്ടാകുന്നു എന്നും ആയതിന് സംരക്ഷണം ഉണ്ടാകണം എന്നും മറ്റുമാണ് പരാതിക്കാര്യം

മേൽ പരാതി സംബന്ധിച്ച് പരാതിക്കാരിയേയും എതിർകക്ഷികളേയും വിളിച്ചു വിശദമായി അന്വേഷണം നടത്തി മൊഴി രേഖപ്പെടുത്തിയതിൽ ഇരു കുടുംബങ്ങളും സുമാർ 30 വർഷമായി പരാതിയിൽ പറയുന്ന സ്ഥലത്ത് താമസിക്കുന്നവരാണ് എന്നും, താമസം തുടങ്ങിയ സമയം മുതൽ പരാതിക്കാരും അയൽ വാസികളായ പാലാട്ട് വീട്ടിൽ മരിച്ച അരവിന്ദാക്ഷനും, ഭാര്യ ലീലയും മക്കളുമായി എന്തോ തർക്കത്തിലാണ്. എന്തോ തർക്കവുമായി ബന്ധപ്പെട്ട് പല തവണ ഷൊർണ്ണൂർ പോലീസ് സ്റ്റേഷനിൽ ഇരു കക്ഷികളും പരസ്പരം പരാതി കൊടുത്തിരുന്നു എന്നും ആയതിന്റെ പേരിൽ പോലീസ് വിളിച്ചു സംസാരിച്ചിട്ടുള്ളതുമായിരുന്നുയെന്നും. നിലവിൽ പരാതിക്കാരും എതിർകക്ഷികളും തമ്മിലുള്ള സ്ഥല സംബന്ധമായ തർക്കത്തിന് എതിർകക്ഷികൾ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം മുൻസിഫ് കോടതിയിൽ OS 216/22 ആയി കേസ്സ് നിലവിലുണ്ടെന്നും, ടി കേസ്സ് വിധി ആയതിനു ശേഷം മേൽ നടപടി സ്വീകരിച്ചാൽ മതിയെന്ന് പരാതിക്കാരും, എതിർകക്ഷികളും മൊഴി പറഞ്ഞതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. കൂടാതെ കേസ്സ്

വിധിയാകുന്നവരെ ഇരുകൂട്ടരും സ്ഥലത്ത് ക്രമസമാധാന പ്രശനം ഉണ്ടാക്കരുതെന്ന് കർശന നിർദ്ദേശം കൊടുത്തിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
ഷൊർണ്ണൂർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ് ) വകുപ്പ്

നമ്പർ.എഫ് 3/127/2022-പജപവവിവ

24-08-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി
സംസ്ഥാന പോലീസ് മേധാവി
തിരുവനന്തപുരം

ഡയറക്ടർ
പട്ടികവർഗ്ഗ വികസന വകുപ്പ്
തിരുവനന്തപുരം

ജില്ലാ കളക്ടർ
പാലക്കാട്

സർ,

വിഷയം:- പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് -പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം-അട്ടപ്പാടിയിലെ ഭൂമി കൈയ്യേറ്റത്തിനെതിരെ സമർപ്പിച്ച പരാതി -സംബന്ധിച്ച്

സൂചന:- റവന്യൂ (ആർ ) വകുപ്പിന്റെ 29.07.2022 തീയതിയിലെ REV/R1/110/2022-REV നമ്പർ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ മുമ്പാകെ ശ്രീ രാജേഷ് .ആർ സമർപ്പിച്ച പരാതി.

സൂചിത പരാതിയിന്മേൽ അന്വേഷണം നടത്തി അടിയന്തരമായി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാതിയുടെ പകർപ്പ് ഇതോടൊന്നിച്ചയക്കുന്നു. ദേശീയ പട്ടികവർഗ്ഗ കമ്മീഷന് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
സ്വപ്ന.എം
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by Shibu K
Shamsudeen
Date: 24-08-2022 15:24:23
സെക്ഷൻ ഓഫീസർ.

Call for report of Principal Secretary, Deptt of ST, Govt of Kerala within 15 days [illegible] 10.6.22

DD (CESDW)

# BEFORE THE HON'BLE CHAIRPERSON

# NATIONAL COMMISSION FOR SCHEDULED TRIBES

# GOVERNMENT OF INDIA, NEW DELHI

Petition filed by R Rajeesh ( Vadukan's grandson ) on behalf of Vadukan's Chidren in Gonchiyur Ooru, Sholayur Post, Sholayur Village, Attapady Tribal Taluk.

Madam

Sub-:1. Under existing tribal laws, non-tribe opponents can cancel fake fabricated documents, evict them and issue us purchase certificates, etc.

2. Action against to opponents as per the act of Scheduled Castes-Scheduled Tribes (Prevention of Atrocities ), 1989 and the amendment act,2014,2018, Indian Penal Code Section 463,465, and 467.

Opponents-:

1. Lijo J Fencer S/o Joseph M M
   305-8/5 Govind Puri Kal kaji Post;South Delhi,New Delhi Dt.,PIN: 110019
2. Boban C/o Joly Joseph W/o Lijo J Fencer, Fencer Villa, Iruvelikkunnel Kallamala Post; Attappady;PIN:678582
3. Sunil Daniel S/o Daniel Paul kuroor Puthanpurakkal ,Swathi Nagar, Ollur post –Trissur Pin 680306
4. Perumal Mathew S% Mathew
   Kollara kuzhiyil house ,Idakurissi Karimba post
5. Lakshmi W/o Swamivel, Indira Nagar(Door No.82/285), Lokkipuram Village, Erode Taluk Erode District, Tamil Nadu.

   Swamivel's sons are [(1) Krishnaveni W/o Nagarajan, Door No.2/17,Kardankal Kollukkattu veedu, Nakkapuram Village Erode Tk., Erode Dt.,

   (2).Rajendran S/o Swamivel, Door No.35, Parvathi Krishna street

   Kashipalayam, Erode Tk.,Erode Dt.

(3).Damodharan S/o Swamivel,Door No.2/17,Kardankal

Kollukkattu veedu,Nakkapuram Village Erode Tk.,Erode Dt.]

(6).Tahasildar, Attappadi Tribal Taluk Office, Agali.

(7).Village Officer, Village Office, Sholayur

(8). SHO,Sholayur Police Station

Sholayur, Sholayur Post; Attappady Tribal Taluk Palakkad.

Ref.Nos.1.The Kerala State Scheduled Tribes (Restriction on Transfer of Lands and Restoration of Alienated Lands ) Act,1975

2.Order No. G.O.(MS) 102 / 14 / SC/ST/DD dated 31 / 12 / 2014.

3.Gazette Notification of documents returned by the President of India without ratification of the ST Act,1999.

4.Supreme Court Orders stating that tribal lands belongs only to tribals.

5.Manual for the District Magistrate of the Human Rights Commission.

6.Indian Penal Code against Forged Documents.

7.Supreme Court of India order AIR 552,SCR(3) 77 dated 09/12/1960.

8. Copy of the statement dated 10/05/2012 by Shashindran Unni, S/o M.K.Raja of Mannarkkad Raja Colony.

9.Report of Hon'ble Govt. of Kerala Vigilance (E) Department dated 11/09/2013.

10.Copies of complaints and reply letters submitted to the Hon'ble Revenue Divisional Officer.

11.Copies of the A&B Register and Receipts of the Revenue Department.

12.Copies of documents falsely fabricated by the opponents.

13.Copy of First Post & The Telegraph Delhi News Reports dated 30/04/2022.

14.Copy of the application filed by Mr. Noel V. Samuel, Vayalmundaykel house, Ellumpuram, Melukavumattam PO PIN: 686 652.

15. Copy of the reply letter ffom the Government of Kerala Revenue Department Stating that the first question in the application was that the Kerala Scheduled Tribe Land Transfer Control and Re-Establishment Act, 1999 has not been

framed rules under the Act.

16. English translation of the letter issued by the Revenue Department in Malayalam

17.The district collector had suspended 110 fake documents in Idukki district and

a copy of its press report.

I am a permanent resident of are described above and a member of the Scheduled Tribe Irular Community. We have been living in Attappadi for eight hundred years. Since independence our agricultural lands have been misappropriated by other settlers forging documents with the connivance of government officials. Like Munnar, there is a long list of people who prepare fake documents. One of them was Swamivel S/o Periyannan, the husband and father of the opposition.

Swamivel alias Samuel was a mercenary in the government survey work in the Attappadi from 1962 to 1964. At that time as part of the survey, we also received the Miscellaneous Receipt from the Mannarkkad Moopil Sthanam Estate. The receipt was received by Swamivel as part of the survey process . After the receipt was handed over to Swamivel, he asked for land to cultivate in our area. A few days later, with the MR receipt received, a forged document was being prepared at Mannarkkad Sub-Registrar's office.

The forged document was made for the land belonging to survey 1758/2 in our Sholayur Village. He had sold our land to many people with this fake document and the documents of this are attached herewith. Similarly, about 40.9365 hectares of land has been acquired on the basis of forged documents. All these are in Sholayur Village 1740/1,2,3,4,5.,1758/2,1768/1,2.,1755/2.,1444/2.,1457/5.,1462/4.,1464/3.,1471/1.,1478/2, 3.,spread over survey numbers. Although there were about fifty officers in the taluk village offices,the officers here able to sit without being involved in a single sealing case.

In addition, a Santhanam of Swamivel's family was at this time the President of the Sholayur Farmer's Service Co-operative Bank No. P 627. Today that Bank is nowhere to be found in Palakkad district. Swamivel has done all this with all the influence of this Santhanam.

The Hon'ble Prime Minister inaugurated the Joint Conference of Chief Ministers and Chief Justices of the High Courts on 30/04/2022 in Delhi. Chief Justice of the Supreme Court Shri NV Ramana was the chief guest at the occasion. On that occasion Chief Justice of India (CJI) NV Ramana said that the Constitution provides separation of power among the three organs of the state and while discharging duty, one should be mindful of ' Lakshman Rekha'.

He further said that if revenue authorities acquire land through process of law, the courts would not be burdened by land disputes and these cases account for 66 per cent of the pendency. He was also charged with illegal arrest,detention and torture by the police. Therefore, the police have called for the establishment of a separate wing of judges in all high court to investigate corruption, including harassment of civilians. The Scheduled Tribes ( Restriction on Transfer and Restoration and Restoration of Alienated Lands ) Act,1975 provided for the restoration of alienated land. The ST Act of 1999 was brought in to subvert it. Presidential Assignment to the ST Act, 1975 is part of the last 1950 constitutional amendment. Based on this, the Hon'ble Supreme Court Order No. 104-105/2001 of

21/07/2009 has been issued. Your former Chief Secretary M Mohan kumar had also filed CA 7079/2001 in this case.The order 21/07/2009 mentioned above states that your Secretary's complaint was defended for the ST Act,1999. However, the Hon'ble Supreme Court has stated on the last page of the order CA 104-105/2001 dated 21/07/2009 that the State has no power to repeal portions of the ST Act 1975 and that the Hon'ble Supreme Court Act 1975 may continue. Also on the last page it is stated that your former Chief Secretary did not ask you to place this order on your own. Currently the ST Act of 1975 is in force.

Therefore, we request you to examine the attached complaints , orders, and documents and order the cancellation of the forged documents attached to it the measurement of our land through the Agali ITDP, the expulsion of non-tribals and the issuance of purchase certificates.

Thanking you

Sholayur

11/05/2022.

Yours faithfully

Rajeesh

Copy To

1. Shri Anant Nayak

Member, National Commission for Scheduled Tribes ( HQ )

6th Floor , B- Wing Room No. 603, Loknayak Bhavan, Khan Market, New Delhi-110003.

PBAX No. 011-24646954,FAX No.011-24624628,24657474,24624191

Toll Free No. 1800-11-7777 As on 25/01/2016.

E-Mail: ananta.nayak@ncst.nic.in

2.The DySP( SMS ),

Office The DySP , Agali Sub Division Agali.,E-Mail:dyspagalypkd.pol@kerala.gov.in

3.The Station House Officer, Police Station, Sholayur, Attappadi Tribal Taluk.

E-Mail:shoshlyrpspkd@kerala.gov.in

NB: Copies of various orders and recommendations of the Human Rights Commission are in the possession of the various staffs in your office.

റിപ്പോർട്ട്. no - II

# പോലീസ് വകുപ്പ്

# കേരളം

**No. K7-153885/2022/PHQ**


പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547


തീയതി. 20-10-2022

പ്രേഷകൻ

**സംസ്ഥാന പോലീസ് മേധാവി,**
കേരളം.

സ്വീകർത്താവ്

**അഡീഷണൽ ചീഫ് സെക്രട്ടറി,**
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്,
കേരള സർക്കാർ; തിരുവനന്തപുരം.

സർ,,

വിഷയം : ശ്രീ. രാജേഷ് ആർ സമർപ്പിച്ച പരാതിയിമേലുള്ള റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) 24.06.22 തീയതിയിലെ എഫ് 3/127/22/പജപവവിവ നമ്പർ സർക്കാർ കത്ത്.
2) 28.09.22 തീയതിയിലെ G6-68851/22/P നമ്പർ പാലക്കാട് ജില്ല പോലീസ് മേധാവിയുടെ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

ശ്രീ.രാജേഷ് ആർ സമർപ്പിച്ച പരാതിയിൽ പരാമർശിച്ചിട്ടുള്ള എതിർകക്ഷികൾക്കെതിരെ ബഹു.മണ്ണാർക്കാട് കോടതി പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം ഷോളയൂർ പോലീസ് സ്റ്റേഷൻ ക്രൈം 42/2022 u/s 143,147,148, 447,436,427,506 r/w 149 IPC & sec 3 (1)(r) (s), 3 (2) (va), 3 (2) (v) of SC - ST (POA) Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ആയതിൻറെ അന്വേഷണം നടത്തിവരുന്നതുമാണെന്നും പരാതിക്കാരനെ ഈ വിഷയം നേരിൽ കണ്ട് നോട്ടീസ് നൽകി ബോധ്യപ്പെടുത്തിയിട്ടുള്ളതും പരാതിയും രജിസ്റ്റർ ചെയ്ത കേസ്സും ഒരേ കാര്യത്തിന് ആയതിനാൽ ടി പരാതിയിൻമേൽ മറ്റ് നിയമനടപടികൾ ആവശ്യമില്ലെന്ന് അറിയിച്ച് കൊള്ളുന്നു. സൂചന (2) പ്രകാരം ലഭിച്ച റിപ്പോർട്ട് അറിവിലേക്കും അനന്തരനടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

കൃഷ്ണകുമാർ ബി
സൂപ്രണ്ട് ഓഫ് പോലീസ്
For State Police Chief

**പോലീസ്** **വകുപ്പ്**

**കേരളം**

**No. G6-68851/2022/P**
ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
spplkd.pol@kerala.gov.in
04912536700
തീയതി. 28-09-2022

പ്രേഷകൻ

**ജില്ലാ പോലീസ് മേധാവി ,**
പാലക്കാട്

സ്വീകർത്താവ്

**സംസ്ഥാന പോലീസ് മേധാവി ,**
തിരുവനന്തപുരം

സർ,,

വിഷയം : ശ്രീ രാജേഷ് ആർ എന്നവർ ബഹു ദേശീയ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ മുമ്പാകെ നൽകിയ പരാതിയുടെ അന്വേഷണറിപ്പോർട്ട് സമർപ്പണം.

സൂചന : 06-09-2022 തിയ്യതിയിലെ K7-153885/2022/PHQ നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും, സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു.

മേൽ സൂചന പ്രകാരം ലഭിച്ച പരാതി ഡി.വൈ.എസ്.പി അഗളി മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. അന്വേഷണത്തിൽ നിന്നും ടി പരാതിയിൽ പരാമർശ്ശിച്ചിട്ടുള്ള എതിർകക്ഷികൾക്കെതിരെ ബഹു മണ്ണാർക്കാട് കോടതി പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം ഷോളയൂർ പോലീസ് സ്റ്റേഷൻ ക്രൈം 42/2022 u/s 143,147,148, 447,436,427,506 r / w 149 IPC & sec 3 ( 1 )(r) ( s ) , 3 ( 2 ) ( va ) , 3 ( 2 ) ( v ) of SC - ST ( POA ) Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ആയതിൻറെ അന്വേഷണം നടത്തിവരുന്നതുമാണെന്നും പരാതിക്കാരനെ ഈ വിഷയം നേരിൽ കണ്ട് നോട്ടീസ് നൽകി ബോധ്യപ്പെടുത്തിയിട്ടുള്ളതും പരാതിയും രജിസ്റ്റർ ചെയ്ത കേസ്സും ഒരേ കാര്യത്തിന് ആയതിനാൽ ടി പരാതിയിൻമേൽ മറ്റ് നിയമനടപടികൾ ആവശ്യമില്ലെന്ന വിവരം അങ്ങയെ സവിനയം ബോധിപ്പിച്ചുകൊള്ളുന്നു.

ഡി.വൈ.എസ്.പി അഗളി മുഖേന ലഭ്യമായ അന്വേഷണ റിപ്പോർട്ടിൻറെ പകർപ്പ് ഇതോടൊപ്പം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

**വിശ്വനാഥ് ആർ ഐ പി എസ്**
**ജില്ലാ പോലീസ് മേധാവി**

From,
ദീപ ഉണ്ണികൃഷ്ണൻ
വലിയ വീട്ടിൽ ഹൗസ്
കോൽപ്പാടം
തെങ്കര.
9074548442 (9446810188)

To,
ശ്രീ. കെ. രാധാകൃഷ്ണൻ
SC - ST, ദേവസ്വം മിനിസ്റ്റർ
തിരുവനന്തപുരം.

Sir,

ഞാൻ പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ ആറാംവാർഡ്, കൊറ്റിയോട് എന്ന പ്രദേശത്തുള്ള ഒരു സാമൂഹ്യ പൊതുപ്രവർത്തകയും ആണ്. 2013 മുതൽ ഞങ്ങളുടെ വാർഡിൽ ഭൂമി തട്ടിപ്പിനിരയായി ദുരിതം അനുഭവിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ ദയനീയമായ അവസ്ഥയാണ് അങ്ങയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. സർക്കാർ സഹായത്തോടെ വീട് വെക്കാൻ ഭൂമി വാങ്ങൽ പദ്ധതിയിലൂടെ ആണ് തട്ടിപ്പ് നടന്നിരിക്കുന്നത്. ഇത് മൂലം അവർക്ക് സർക്കാർ ആനുകൂല്യങ്ങൾ ഒന്നും തന്നെ കിട്ടുന്നില്ല. വീടോ പ്രാഥമികാവശ്യത്തിന് കക്കൂസ് പോലും ഇല്ലാത്ത കുടുംബങ്ങൾ ഉണ്ട്. ഇതിലെ പ്രധാനപ്രതി അന്നത്തെ വാർഡ് മെമ്പർ ആണ്. ഞങ്ങൾ പാർട്ടി പ്രവർത്തകരുടെ നിരന്തരമായ ഇടപെടലും മണ്ണാർക്കാട് റൂറൽ ബാങ്ക് പ്രസിഡന്റ് പുരുഷോത്തമൻ സാറിന്റെ P.K. ശശിയേട്ടന്റെയും സഹായത്താലും ഈ കേസിൽ മനുഷ്യാവകാശ കമ്മീഷൻ വൈദ്യനാഥ് സാർ നേരിട്ട് സന്ദർശിക്കുകയും കേസ് എടുക്കുകയും ചെയ്തു. അയാൾ അറസ്റ്റിൽ ആവുകയും ചെയ്തു. ഈ കുടുംബങ്ങൾക്ക് [illegible] ഇപ്പോഴത്തെ പ്രധാന ആവശ്യം വീടും കക്കൂസും ആണ്. ഇവർക്ക് അതിനുള്ള

ഭൗതിക ആവശ്യങ്ങൾ ഒരുക്കുവാനും അങ്ങയുടെ പ്രാർത്ഥനയിലൂടെ ഒരു തീർപ്പ് ഉണ്ടാകുവാൻ ഞാൻ വിനീതയായി അപേക്ഷിക്കുകയാണ്. ഈ [illegible] സേവകർ [illegible] [illegible] സഹായം നൽകാൻ കഴിയില്ലാ എന്നാണ് അറിയാൻ കഴിഞ്ഞത്. പ്രാഥമിക അന്വേഷണത്തിൽ തന്നെ വാർഡ് മെമ്പറാണ് അറസ്റ്റിൽ ആയിരിക്കുന്നത്. കൂടാതെ ഈ തട്ടിപ്പിന് കാരണക്കാരായ മുഴുവൻ പേരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ അങ്ങയുടെ സഹായവും ഉണ്ടാവണമെന്ന് വിനീതയായി അപേക്ഷിക്കുന്നു. ഇന്നത്തെ ദേശാഭിമാനിയിൽ വന്ന അങ്ങയുടെ ഒരു ലേഖനം വായിച്ചതിൽ ഞാൻ ഇങ്ങനെ ഒരു അപേക്ഷ എഴുതുവാൻ എനിക്ക് പ്രേരണ ഉണ്ടായത്. അങ്ങയിൽ നിന്നും നീതി അവർക്ക് കിട്ടുമെന്ന വിശ്വാസം ഉണ്ട്.

എന്ന്
വിശ്വസ്തതയോടെ,
Deepa [illegible]

5419638/2021/SCSTDD

# പട്ടികജാതിക്കാർക്ക് നൽകിയ ഭൂമിയിൽ തട്ടിപ്പ്

● ഇരയായത് 40 കുടുംബങ്ങൾ ● ഇടനിലക്കാരനെ പോലീസ് അറസ്റ്റ് ചെയ്തു

തെങ്കര ▸ തെങ്കരപഞ്ചായത്തിലെ കൊറ്റിയോട് കുട്ടിച്ചാത്തൻപള്ളിയാൽ കോളനിയിൽ 40 പട്ടികജാതികുടുംബങ്ങൾക്ക് ഭൂമിവാങ്ങിയതിൽ തട്ടിപ്പ് നടത്തി. ഭൂമിതട്ടിപ്പ് നടത്തിയ കേസിൽ തെങ്കര സ്വദേശിയായ കോൽപ്പാടം കുതിരക്കളത്തിൽ രാധാകൃഷ്ണനെ (61) ചൊവ്വാഴ്ച വൈകിട്ടോടെ മണ്ണാർക്കാട് പോലീസ് അറസ്റ്റ് ചെയ്തു. ആസൂത്രിതമായാണ് ഭൂമിതട്ടിപ്പ് നടന്നതെന്ന് സംശയിക്കുന്നെന്നും മണ്ണാർക്കാട് ഡിവൈ.എസ്.പി. ഇ. സുനിൽകുമാർ പറഞ്ഞു. ഇടനിലക്കാരന് പുറമേ സർക്കാർവകുപ്പിലെ ഉദ്യോഗസ്ഥരും തട്ടിപ്പിന് കൂട്ടുനിൽക്കാനുള്ള സാധ്യതയും പോലീസ് പരിശോധിക്കുന്നുണ്ട്.

2011–2013 വർഷങ്ങളിലാണ് കൊറ്റിയോട് ആമ്പാടം കുട്ടിച്ചാത്തൻപള്ളിയാൽ കോളനികളിലെ 40 പട്ടികജാതി കുടുംബങ്ങൾക്ക് സർക്കാർസഹായത്തോടെ വീടുവെക്കാൻ ഭൂമിവാങ്ങുന്ന പദ്ധതി ആരംഭിച്ചത്. ഓരോ വ്യക്തിക്കും 75,000 രൂപ മുതൽ ഒന്നരലക്ഷംരൂപവരെയാണ് സർക്കാർ അനുവദിച്ചിരുന്നത്. സ്ഥലംവാങ്ങി നൽകിയപ്പോഴും വലിയതിരിമറി നടന്നെന്നാണ് ആരോപണം.

ഡാറ്റാബാങ്കിൽ ഉൾപ്പെട്ട പാടശേഖരങ്ങളാണ് പട്ടികജാതിക്കാർക്കായി നൽകിയത്. വകുപ്പുതല ഉദ്യോഗസ്ഥർ വേണ്ട രീതിയിലുള്ള പരിശോധനയും സ്ഥലത്ത് നടത്തിയില്ല. സർക്കാർരേഖപ്രകാരം ഇവർക്ക് സ്ഥലം ലഭിച്ചെങ്കിലും ഈ കുടുംബങ്ങൾക്ക് ആധാരമുണ്ടെങ്കിലും സ്വന്തമായി ഭൂമിയില്ല. പലരും താമസിക്കുന്നത് മറ്റ് കുടുംബവീടുകളിലാണ്. പലരുടെയും ആധാരം ഇപ്പോഴും ഇടനിലക്കാരന്റെ കൈവശമാണുള്ളത്. ഇടനിലക്കാരന് പുറമേ സർക്കാർ ഉദ്യോഗസ്ഥരും തട്ടിപ്പിന് കൂട്ടുനിന്നെന്നാണ് കോളനിക്കാർ ആരോപിക്കുന്നത്. സംഭവമറിഞ്ഞ് മനുഷ്യാവകാശ കമ്മിഷൻ അംഗം കെ. ബൈജുനാഥ് കോളനി സന്ദർശിക്കുകയും തുടർനടപടി സ്വീകരിക്കാനായി നിർദേശം നൽകുകയും ചെയ്തിരുന്നു.



● തെങ്കര കുട്ടിച്ചാത്തൻപള്ളിയാൽ കോളനിയിൽ ഭൂമിതട്ടിപ്പിനിരയായ ബിന്ദു

## പരാതി ലഭിച്ചിട്ടില്ല

സ്ഥലത്തെക്കുറിച്ച് ഇതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ലെന്നാണ് തെങ്കര വില്ലേജ് ഓഫീസറുടെ വിശദീകരണം. ചില ആളുകൾ മാത്രമാണ് ഈ പ്രദേശത്ത് നികുതിയടയ്ക്കുന്നതെന്നും ക്രയവിക്രയങ്ങൾ ഉണ്ടെങ്കിൽ മാത്രമേ മറ്റുകാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

## പുനരധിവസിപ്പിക്കും

ഭൂമിതട്ടിപ്പിന്റെ പേരിൽ ഇരയായ പട്ടികജാതികുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് തെങ്കര പഞ്ചായത്ത് പ്രസിഡന്റ് എ. ഷൗക്കത്ത് പറഞ്ഞു. വിഷയം സർക്കാർ ശ്രദ്ധയിൽപ്പെടുത്തി പുനരധിവാസ സംവിധാനത്തിനായി ശ്രമിക്കും.



## മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തും

തെങ്കര ▸ സ്ഥലംകിട്ടാതെ പട്ടികജാതി കുടുംബങ്ങൾ കബളിപ്പിക്കപ്പെട്ട തെങ്കരപഞ്ചായത്തിലെ കൊറ്റിയോട്, കുട്ടിച്ചാത്തൻപള്ളിയാൽ കോളനികൾ മുൻ എം.എൽ.എ. പി.കെ. ശശിയുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ചു. പട്ടികജാതി കുടുംബങ്ങളുടെ കിടപ്പാടം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടെന്നത് മന്ത്രിയെ അറിയിക്കുമെന്ന് പി.കെ. ശശി പറഞ്ഞു. തെങ്കര ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എ. ഷൗക്കത്ത്, സി.പി.എം. ഏരിയാ സെക്രട്ടറി യു.ടി. രാമകൃഷ്ണൻ, ടി.ആർ. സെബാസ്റ്റ്യൻ, എം. വിനോദ് കുമാർ, ബ്ലോക്ക് പഞ്ചായത്തംഗം സുകുമാരൻ, ടി.കെ. സുനിൽ, ഗഫൂർ, ഉമ തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.

● പട്ടികജാതി കുടുംബങ്ങൾ സ്ഥലം ഇടപാടിൽ കബളിപ്പിക്കപ്പെട്ട കുട്ടിച്ചാത്തൻ പള്ളിയാൽ കോളനിയിൽ മുൻ എം.എൽ.എ. പി.കെ. ശശി കോളനിക്കാരുടെ പരാതി കേൾക്കുന്നു

റിപ്പോർട്ട്. I statement

YEAR OF CHILDREN SAFETY & SECURITY 2021

**പോലീസ്** **വകുപ്പ്**

**കേരളം**

**No. K8-144151/2021/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 08-02-2022

പ്രേഷകൻ

**സംസ്ഥാന പോലീസ് മേധാവി**
കേരളം

സ്വീകർത്താവ്

**പ്രിൻസിപ്പൽ സെക്രട്ടറി**
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്
കേരള സർക്കാർ

തിരുവനന്തപുരം

സർ,,

വിഷയം : ശ്രീമതി. ദീപ ഉണ്ണികൃഷ്ണൻസമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് അയക്കുന്നത് സംബന്ധിച്ച്

സൂചന : 1) 12/09/2021 തീയതിയിലെ എഫ്3/107/2021/പജപവവിവ/നമ്പർ കത്ത്
2) 07/02/2022 തീയതിയിലെ ജി6/68483/2021/പി (1)/നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു.

മേൽ സൂചന (1) പ്രകാരം ലഭ്യമായ പരാതിയിന്മേൽ മണ്ണാർക്കാട്, ഡി.വൈ.എസ്.പി അന്വേഷണം നടത്തി പാലക്കാട്, ജില്ലാ പോലീസ് മേധാവി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ പരാതി വിഷയവുമായി ബന്ധപ്പെട്ട് മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ 23/06/2021 തീയതി ശാന്തി എന്നിവരുടെ പരാതിയിൽ Cr. 542/21 U/s 406,420 r/w 34 IPC & 3(1) (f) of SC /ST (POA) Act ആയും 07/07/2021 തീയതി സുധാമോൾ എന്നയാളുടെ പരാതിയിൽCr. 595/21 U/S 420 IPC & 3(1) (f) SC /ST (POA) Act ആയും 2 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണെന്നും ഇതിൽ Cr. 542/21 കേസിൽ അന്വേഷണം നടത്തി രാധാകൃഷ്ണൻ ഉൾപ്പെടെ 3 പ്രതികളെ അറസ്റ്റ് ചെയ്ത് 26/10/21 തീയതിയിൽ കുറ്റപത്രം തയ്യാറാക്കി ബഹു: കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും Cr. 595/54 കേസിൽ അന്വേഷണം നടത്തി വരുന്നതായും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ സൂചന (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അങ്ങയുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

K8-144151/2021/PHQ 0ec677

വിശ്വസ്തതയോടെ

കൃഷ്ണകുമാർ ബി
സൂപ്രണ്ട് ഓഫ് പോലീസ്
For State Police Chief

K8-144151/2021/PHQ

0ec677

All India Kranthikari Kisan Sabha (AIKKS)
Kerala State Committee
Agali, Agali P.O., Attappady, Palakkad - 678581
President
M. Sukumaran
Ph : 9495857987

207653

Ref :

Date : 21-11-2023

SPSC
B
25/11

**BEFORE THE HON'BLE PRESIDENT OF INDIA,**
**RASHTRAPATHI BHAVAN, NEW DELHI - 110 004**

**Respondents**

1) Chief Secretary to Govt of Kerala
Govt Secretariat ,North Block , Thiruvananthapuram -Kerala
2) DGP, State Police Chief,
Police Head Quarters Vazhuthacaud,
Thiruvananthapuram -Kerala
3) Principal Secretary to Govt of Kerala,
Department of SC / ST Development

**Sub** : Regarding the need to take strict action against the atrocities against the tribals, against the ancient temples and their ancestral lands in Attappadi Tribal Taluk of Palakkad district.

In Attappadi tribal taluk of Palakkad district in the state of Kerala, by violating the Kerala Tribal Land Act 1975 and Rules 1986, by subverting the respected Kerala High Court judgment, the respected Supreme Court judgments and laws guaranteeing the constitution etc.

Traditional tribal lands in Survey No. 1816 and 1818 of Sholayur Village in Attappadi Tribal Taluk have been expropriated under Kerala Tribal Land Act 1975 and Rule 1986 in case No. TLA 869/87 in favor of tribals .That order subverted and our ancient temple has been illegally measured and fenced by Non Scheduled person (Sadananda Rangaraj, aged 29 years, S/o. Rangaraj, 3/54 - 2, Teachers Colony, Karamadai, Mettuppalayam Taluk, Coimbatore, Tamil Nadu - 641 104) with the help of Sholayur Police. They were used JCB , place has been encroached and leveled and we are constantly threatened to kill us as tribals.

A similar incident took place in Sholayur village in tribal Hamlet near Vechapathy in Survey No. 1795 and 1796, destroying the ancient temple of the

------>

tribal land and using fake land documents, and the terrible atrocities and encroachments are continuing there. No permanent action has been taken by the concerned police or revenue authorities or Scheduled Tribes Department. In tribal taluk Attappadi, the authorities who are supposed to ensure the protection of the lives and property of the tribals have not taken steps despite the daily occurrence of terrible atrocities against the tribals. Kindly request immediate action and strict action from your side on receipt of this letter.

Yours faithfully,

M. Sukumaran.
President.

Attappady
21/11/2023

**Copy to :-**

1) Chief Secretary to Govt of Kerala, Govt Secretariat ,North Block , Thiruvananthapuram, Kerala
2) DGP, State Police Chief, Police Head Quarters Vazhuthacaud, Thiruvananthapuram, Kerala
3) Principal Secretary to Govt of Kerala, Department of SC / ST Development
4) Revenue Divisional Officer, Ottappalam, Kerala.
5) SMS Unit DySP, Agali, Palakkad, Kerala
6) Station House Officer, Sholayur Police Station, Sholayur, Attappadi, Palakkad, Kerala.

ഭരണഭാഷ - മാതൃഭാഷ

# പോലീസ് വകുപ്പ്

കേരളം

**No. K8-207653/2023/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
✉phq.pol@kerala.gov.in
📞04712721547
തീയതി. 04-04-2024

പ്രേഷകൻ

**ഡയറക്ടർ ജനറൽ ഓഫ് പോലീസ് & സംസ്ഥാന പോലീസ് മേധാവി**
കേരളം

സ്വീകർത്താവ്

**അഡീഷണൽ ചീഫ് സെക്രട്ടറി**
ആഭ്യന്തരം (എസ് സി) വകുപ്പ്
കേരള സർക്കാർ തിരുവനന്തപുരം

സർ,,

വിഷയം : ആൾ ഇന്ത്യ ക്രാന്തികാരി കിസാൻ സഭ (AIKKS) കേരള സ്റ്റേറ്റ് കമ്മിറ്റി പ്രസിഡന്റ് ശ്രീ.എം.സുകുമാരൻ സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണറിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്-

സൂചന : 1) 06-12-2023 തീയതിയിലെ എസ് സി2/392/2023-ആഭ്യന്തരം നമ്പർ കത്ത്.
2) 01-03-2024, 23-03-2024 എന്നീ തീയതിയിൽ പാലക്കാട് ജില്ലാ പോലീസ് മേധാവി സമർപ്പിച്ച ജി6/94071/2023-പി നമ്പർ റിപ്പോർട്ട്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു.

ആൾ ഇന്ത്യ ക്രാന്തികാരി കിസാൻ സഭ (AIKKS) കേരള സ്റ്റേറ്റ് കമ്മിറ്റി പ്രസിഡന്റ് ശ്രീ.എം.സുകുമാരൻ സൂചന (1) പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ അഗളി , ഡി.വൈ.എസ്.പി അന്വേഷണം നടത്തി പാലക്കാട് ജില്ലാ പോലീസ് മേധാവി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അന്വേഷണത്തിൽ ,നിന്നും പരാതിയിൽ പറയുന്നതായ ഷോളയൂർ വില്ലേജിന് കീഴിലുള്ള സർവ്വേ നമ്പർ 1816,1818,1795,1796 തുടങ്ങിയ സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്ക സ്ഥലത്ത് നിലവിൽ താമസിച്ചുവരുന്ന രംഗി, രാമി എന്നിവരും എതിർകക്ഷിയായ സദാനന്തരംഗരാജും തമ്മിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ യഥാക്രമം WP(C) 41839/2023 & WP(C) NO.42445/2023 ആയി അന്യായം നിലനിൽക്കുന്നതായി വെളിവായിട്ടുള്ളതും, കൂടാതെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള സിവിൽ സ്വഭാവമുള്ള പരാതി ആയതിനാലും, ഉടമസ്ഥാവകാശം സംബന്ധിച്ച് ഇരുകൂട്ടർക്കും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അന്യായങ്ങൾ നിലനിൽക്കുന്നതിനാൽ പരാതിക്കാർക്കും എതിർകക്ഷിക്കും ബന്ധപ്പെട്ട അധികാരികളെ സമീപിച്ച് നിയമാനുസൃത നിയമനടപടികൾ സ്വീകരിക്കാവുന്നതാണെന്നും, ബന്ധപ്പെട്ട അധികാരികൾ ആവശ്യപ്പെടുന്ന മുറക്ക് പോലീസ് സേവനം ലഭ്യമാക്കാം എന്നല്ലാതെ തീർത്തും സിവിൽ സ്വഭാവമുള്ള ടി പരാതിയിൽ പോലീസ് നടപടികൾ അസാധ്യമായാതിനാൽ മറ്റ് തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നുള്ള വിവരം അന്വേഷണ ഉദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നു.

സൂചന (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

K8-207653/2023/PHQ

0bc552

വിശ്വസ്തതയോടെ

കൃഷ്ണകുമാർ ബി
സൂപ്രണ്ട് ഓഫ് പോലീസ്
For Director General of Police-cum-State
Police Chief

K8-207653/2023/PHQ

0bc552

ഭരണഭാഷ - മാതൃഭാഷ

**പോലീസ്** **വകുപ്പ്**

**കേരളം**

**No. G6-94071/2023/P**
ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
spplkd.pol@kerala.gov.in
04912536700
തീയതി. 01-03-2024

പ്രേഷകൻ
**ജില്ലാ പോലീസ് മേധാവി ,**
പാലക്കാട്

സ്വീകർത്താവ്
**സംസ്ഥാന പോലീസ് മേധാവി ,**
തിരുവനന്തപുരം

സർ,,

വിഷയം : പരാതി - ശ്രീ. എം. സുകുമാരൻ സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പണം.

സൂചന : 28/11/2023 തിയ്യതിയിലെ K8-207653/2023/PHQ നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും, സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു.

മേൽ സൂചന പ്രകാരം ലഭിച്ച പരാതി ഡി.വൈ.എസ്.പി അഗളി മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. അന്വേഷണത്തിൽ നിന്നും പരാതിയിൽ പറയുന്നതായ ഷോളയൂർ വില്ലേജിന് കീഴിലുള്ള സർവ്വേ നമ്പർ 1816,1818,1795,1796 ഉടങ്ങിയ സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്ക സ്ഥലത്ത് നിലവിൽ താമസിച്ചുവരുന്ന രംഗി, രാമി എന്നിവരും എതിർകക്ഷിയായ സദാനന്തരംഗരാജും തമ്മിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ യഥാക്രമം WP(C) 41839/2023 & WP(C) NO.42445/2023 ആയി അന്യായം നിലനിൽക്കുന്നതായി വെളിവായിട്ടുള്ളതും, കൂടാതെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള സിവിൽ സ്വഭാവമുള്ള പരാതി ആയതിനാലും, ഉടമസ്ഥാവകാശം സംബന്ധിച്ച് ഇരുകൂട്ടരും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അന്യായങ്ങൾ നിലനിൽക്കുന്നതിനാൽ പരാതിക്കാർക്കും എതിർഷിക്കും ബന്ധപ്പെട്ട അധികാരികളെ സമീപിച്ച് നിയമാനുസൃത നിയമനടപടികൾ സ്വീകരിക്കാവുന്നിരിക്കലും ആയതുമായി ബന്ധപ്പെട്ട്, ബന്ധപ്പെട്ട അധികാരികൾ ആവശ്യപ്പെടുന്ന മുറക്ക് പോലീസ് സേവനം ലഭ്യമാക്കാം എന്നല്ലാതെ തീർത്തും സിവിൽ സ്വഭാവമുള്ള ടി പരാതിയിൽ പോലീസ് നടപടികൾ അസാധ്യമാണെന്നിരിക്കെ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നുള്ള വിവരം അങ്ങയെ സവിനയം ബോധിപ്പിച്ചുകൊള്ളുന്നു.

ഡി.വൈ.എസ്.പി അഗളി മുഖേന ലഭ്യമായ അന്വേഷണ റിപ്പോർട്ടിൻറെ പകർപ്പ്, മറുപടിയുടെ പകർപ്പ് എന്നിവ ഇതോടൊപ്പം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

**രാധാകൃഷ്ണൻ കെ എൽ**
**അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്**
For District Police Chief

G6-94071/2023/P

29b280

ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ഓഫ് കേരള, തിരുവനന്തപുരം
അവർകൾ മുമ്പാകെ,

പാലക്കാട് ജില്ല, അട്ടപ്പാടി ട്രൈബൽ താലൂക്ക്, കോട്ടത്തറ വില്ലേജ്,
മട്ടത്തുക്കാട് പി.ഒ., കുലുക്കൂർ ഊരിൽ താമസം നഞ്ചപ്പൻ ഭാര്യ
മരുതി ബോധിപ്പിക്കുന്ന പരാതി.

**എതിർകക്ഷികൾ**

1. ശ്രീ. ഫൈസൽ കോറത്ത്,
   ബഹു. ഷോളയൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ I/C,
   ഷോളയൂർ പി.ഒ., അട്ടപ്പാടി - 678581.
2. ശ്രീ. മോഹൻകുമാർ,
   ബഹു. തഹസിൽദാർ (ഭൂരേഖ),
   അട്ടപ്പാടി ട്രൈബൽ താലൂക്ക്, പാലക്കാട് - 678581.
3. ശ്രീ. ഷാജഹാൻ,
   ബഹു. മുൻ വില്ലേജ് ഓഫീസർ,
   കോട്ടത്തറ വില്ലേജ് ഓഫീസ്, അട്ടപ്പാടി, പാലക്കാട് - 678581.
4. ശ്രീ. രാമസ്വാമി S/o. Late മന്ത്രിയപ്പ കൗണ്ടർ,
   കുലുക്കൂർ ഊര്, മട്ടത്തുക്കാട് പി.ഒ., കോട്ടത്തറ,
   അട്ടപ്പാടി, പാലക്കാട് - 678581.

സർ,

**വിഷയം :** (1) വളരെ അടിയന്തിരമായ നിയമനടപടികൾക്കുവേണ്ടിയുള്ള ഗൗരവസ്വഭാവമുള്ള പരാതി സംബന്ധിച്ച്.

(2) മേൽ ഒന്നാം നമ്പർ എതിർകക്ഷി പട്ടികവർഗ്ഗ അംഗമായ എന്റെ പരാതിയിന്മേൽ നിയമനടപടികൾ സ്വീകരിക്കാതെ, ബോധപൂർവ്വം ഉപേക്ഷ കാണിക്കുകയും, വിവേചനപരമായ സമീപനങ്ങൾ ആവർത്തിക്കുകയും ചെയ്തിട്ടുള്ള പ്രശ്നത്തിന്റെ പരാതി സംബന്ധിച്ച്.

**സൂചന :** (1) ഷോളയൂർ പോലീസ് സ്റ്റേഷനിൽ 03.02.2024 തിയ്യതി നൽകിയ പരാതി നം. 15289036-2024-5-00003

(2) അഗളി SMS യൂണിറ്റ് കാര്യാലയത്തിൽ 23.01.2024 തിയ്യതി നൽകിയ പരാതി നം. 5000001941-2024-5-00007

(3) TLA -1096/87 തിയ്യതി 31.10.2023 ലെ ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ്.

മേപ്പടി വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ അടിയന്തിരമായി ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

ഞാൻ മേപ്പടി വിലാസത്തിൽ സ്ഥിരതാമസക്കാരിയും, പട്ടികവർഗ്ഗ - ഇരുള വിഭാഗത്തിൽപ്പെട്ട അംഗവുമാണ്. മേപ്പടി ഒന്നാം നമ്പർ എതിർകക്ഷി മേൽസൂചന (1), (2) പരാതികളുടെ അടിസ്ഥാനത്തിൽ നിഷ്പക്ഷവും നീതി

-------->

പൂർവ്വകവുമായ നിയമനടപടികൾ വളരെ സമയബന്ധിതമായി സ്വീകരിക്കുവാൻ ബോധപൂർവ്വം തയ്യാറാകാതെ, വളരെ വിവേചനപരമായ കാഴ്ച്ചപ്പാടിലും, നിയമവിരുദ്ധമായ സമീപനത്തോടുകൂടി പ്രവർത്തിക്കുകയും പെരുമാറുകയുമാണ് ചെയ്തുവരുന്നത്.

സൂചന (3) പ്രകാരം ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസർ അവർകളുടെ നിയമാനുസൃതമായ ഉത്തരവനുസരിച്ച് ഞങ്ങളുടെ പാരമ്പര്യമായ ഭൂമിയും മറ്റും അളന്ന് തിട്ടപ്പെടുത്തി വീണ്ടെടുത്ത് നൽകുന്നതിന് 31.10.2023ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതും, ആയത് മാനിച്ചുകൊണ്ട്, മേൽ 1, 2, 3 എതിർകക്ഷികൾ നിശ്ചിത സമയത്തിനകം നടപ്പിലാക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ, IPC Act വകുപ്പ് 166, 167, 188, 217, 218, 219, 220, 411, 413, 425 എന്നിവയുടെ ഭാഗമായിട്ടുള്ള വളരെ കുറ്റകരമായ പ്രവർത്തനങ്ങളും പെരുമാറ്റങ്ങളുമാണ് മേപ്പടി എതിർകക്ഷികളുടെ ഭാഗത്തുനിന്നും നാളിതുവരെയായി ഉണ്ടായിട്ടുള്ളത്.

അതുപോലെതന്നെ, IPC Act 146, 206, 207, 503, 504, 505, 506, 507 എന്നീ വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെയും ഒപ്പം SC/ST അതിക്രമങ്ങൾ തടയൽ ആക്ട് 3(1) f, g തുടങ്ങിയ വകുപ്പുകളുടെയും പരിധിയിൽ വരുന്ന വിഷയമാണ് മേപ്പടി നാലാം നമ്പർ എതിർകക്ഷിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതും, ആയതിന് നിയമവിരുദ്ധമായ ഒത്താശകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരായ മേപ്പടി മറ്റു എതിർകക്ഷികൾ നൽകിവരികയുമാണുണ്ടായിട്ടുള്ളത്. മേപ്പടി സൂചന (4) അനുസരിച്ചുള്ള നിർദ്ദേശങ്ങളെ മാനിക്കാതെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അനാവശ്യമായ കാലതാമസം ആവർത്തിക്കപ്പെടുന്ന കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഞങ്ങൾ 01.02.2024ന് അവകാശപ്പെട്ട ഭൂമിയിലേക്ക് പ്രവേശിച്ച് ഷെഡ് നിർമ്മിക്കുകയും ചെയ്തുവെങ്കിലും അന്നേദിവസം രാത്രിതന്നെ എതിർകക്ഷികളും മറ്റും ചേർന്ന് ഷെഡ് ആയുധങ്ങൾ ഉപയോഗിച്ച് തകർക്കുകയും നശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽസൂചന (1) അനുസരിച്ച് 02.02.2024ന് വൈകുന്നേരം ഷോളയൂർ പോലീസ് സ്റ്റേഷനിൽ നേരിട്ട് ചെന്ന് പരാതി കൊടുത്തുവെങ്കിലും രശീത് അനുവദിച്ച് തരാതെ, പോലീസ് ഉദ്യോഗസ്ഥന്മാർ സ്ഥലം സന്ദർശിച്ചതിനുശേഷം പരാതികൾ പരിശോധിച്ചതിനുശേഷം നോക്കാമെന്നും വളരെ ദുർബ്ബലമായ സാങ്കേതികത്വങ്ങൾ പറഞ്ഞ് ഞങ്ങളെ കബളിപ്പിക്കുകയും, നിരുത്സാഹപ്പെടുത്തി മടക്കിവിടുകയും ചെയ്തു. പിറ്റേദിവസം, ഉച്ചകഴിഞ്ഞ്, എന്റെ ഭർത്താവും സ്റ്റേഷനിൽ എത്തുകയും രശീത് ആവശ്യപ്പെടുകയും ചെയ്തു

........>

വെങ്കിലും, സബ്ബ് ഇൻസ്പെക്ടർ പരാതി കണ്ടതിനുശേഷം രശീത് അനുവദിച്ച് തരാമെന്നും ഒന്നും പേടിക്കണ്ട നിങ്ങളുടെ പരാതി കേസ് രജിസ്റ്റർ ചെയ്യാമെന്നും പറഞ്ഞ് മടക്കിവിടാൻ ശ്രമിക്കുകയാണുണ്ടായത്. അതേസമയം അഗളി ഡി.വൈ.എസ്.പി.യുമായി എന്റെ പ്രതിനിധി വഴി ഫോണിൽ ബന്ധപ്പെട്ട് ടി വിവരം അറിയിക്കുകയും അദ്ദേഹം ഇടപെട്ടതിനെതുടർന്നാണ് പരാതിക്ക് അരമണിക്കൂർ കഴിഞ്ഞ് 03.02.2024 തിയ്യതി വെച്ച് രശീതി അനുവദിച്ച് കിട്ടുകയും ചെയ്തത്. സ്വകാര്യഭൂമാഫിയകളായ വ്യക്തികളുടെ നിയമവിരുദ്ധമായ സ്വാധീനങ്ങൾക്കുവഴങ്ങി, ഷോളയൂർ പോലീസ് സ്റ്റേഷനിലെ ചില ഉദ്യോഗസ്ഥന്മാർ ആദിവാസികളുടെ ജീവനും സ്വത്തിനുമെതിരെ വളരെ മുൻവിധികളോടുകൂടിയും വംശീയമായ വേർതിരിവ് വെച്ച് സമാന്തരമായും പ്രവർത്തിക്കുകയും ചെയ്തുവരുന്നതുകൊണ്ടാണ് അടിസ്ഥാനപരമായ നീതിനിഷേധം തുടർന്നുവരുന്നതുകൊണ്ടും സ്വാഭാവികമായി സ്വകാര്യ ഭൂമാഫിയകൾക്ക് ആയത് പ്രചോദനമാവുകയുമാണ്.

മേൽസൂചനകൾ പ്രകാരം മൊഴിയെടുക്കുവാൻ ഹാജരാകണമെന്ന് 05.02.2024ന് മേപ്പടി പോലീസ് സ്റ്റേഷനിൽ നിന്നും ഫോണിൽ വിളിച്ചറിയിക്കുകയും ആയതനുസരിച്ച് 06.02.2024ന് രാവിലെ 11.30ന് പോലീസ് സ്റ്റേഷനിലെത്തുകയും ചെയ്തെങ്കിലും, മൊഴി രേഖപ്പെടുത്താതെ, മേപ്പടി സൂചന (1)ലെ എതിർകക്ഷിയായ സ്റ്റേഷൻ ഹൗസ് ഓഫീസർ മേപ്പടി 2, 3, 4 എതിർകക്ഷികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ മുൻവിധിയോടുകൂടിയും വിവേചനപരമായും ചർച്ച നടത്തുകയും, പിന്നീട് "APPയുടെ ഉപദേശം കിട്ടിയാൽ മാത്രമെ, നിങ്ങളുടെ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ" എന്ന് വളരെ നിയമവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് ഞങ്ങളെ മടക്കിവിടുകയാണുണ്ടായത്. സ്ത്രീകളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി ബുദ്ധിമുട്ടിപ്പിക്കുവാൻ പാടില്ലായെന്നുള്ള നിർദ്ദേശങ്ങളെ മാനിക്കാതെയാണ് ഇന്നേദിവസം ഒന്നാം നമ്പർ എതിർകക്ഷി എന്നെ ബുദ്ധിമുട്ടിപ്പിക്കുകയും പെരുമാറുകയും ചെയ്തിട്ടുള്ളതാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കമുള്ളവരും, അതുപോലെതന്നെ, നിയമപരമായ കാര്യങ്ങളിൽ അജ്ഞരുമായതുകൊണ്ടും, ഞങ്ങളെ മേപ്പടി എതിർകക്ഷികൾ ബോധപൂർവ്വം കബളിപ്പിക്കുകയും വഞ്ചിക്കുകയും ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ 28 വർഷക്കാലമായി നീതി നിഷേധിക്കുകയും അതിജീവനാവകാശം അനധികൃതമായി തടസ്സപ്പെടുത്തുകയും, ഇത്തരത്തിൽ വളരെ ബോധപൂർവ്വമായ മനുഷ്യാവകാശ ലംഘനങ്ങൾ ഞങ്ങൾക്കെതിരെ ആവർത്തിക്കപ്പെടുകയും തുടരുകയുമാണ്.

.........>

ആയതുകൊണ്ട്, പട്ടികവർഗ്ഗ സംരക്ഷണ നിയമങ്ങളെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലുള്ള നിയമപരിരക്ഷകൾ ബോധപൂർവ്വം നീതി നിഷേധിക്കുകയും ചെയ്തിട്ടുള്ള മേപ്പടി എതിർകക്ഷികളുടെ പേരുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരവും മറ്റും അടിസ്ഥാനത്തിൽ കർശനമായ നിയമനടപടികൾ വളരെ അടിയന്തിരമായി സ്വീകരിക്കണമെന്നും, മേൽസൂചനകൾപ്രകാരമുള്ള നടപടികൾക്ക് വിധേയമാക്കണമെന്നും, ഞങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തികിട്ടണമെന്നും, മേപ്പടിപ്രകാരം ആവശ്യപ്പെടുകയും, അപേക്ഷിക്കുകയുമാണ്.

എന്ന്,

വിശ്വസ്തതയോടെ,

മരുതി

നഞ്ചപ്പൻ ഭാര്യ മരുതി.
Ph : 7012133369

ഷോളയൂർ
07.02.2024

ഉള്ളടക്കം

1) മേൽസൂചനകൾ പ്രകാരമുള്ള രേഖകളുടെ പകർപ്പുകൾ
2) ഞങ്ങളുടെ ഭൂമിയിൽ നിർമ്മിച്ച ഷെഡ് നാലാം നമ്പർ എതിർകക്ഷി തകർത്തതിന്റെ ഫോട്ടോ.

ഭരണഭാഷ - മാതൃഭാഷ

# പോലീസ് വകുപ്പ്

## കേരളം

**No. K8-57760/2024/PHQ**


പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547

തീയതി. 18-06-2024

പ്രേഷകൻ

**ഡയറക്ടർ ജനറൽ ഓഫ് പോലീസ് & സംസ്ഥാന പോലീസ് മേധാവി**
കേരളം

സ്വീകർത്താവ്

**അഡീഷണൽ ചീഫ് സെക്രട്ടറി**
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്
കേരളസർക്കാർ തിരുവനന്തപുരം

സർ,,

വിഷയം : ശ്രീമതി. മരുതി, സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) 18-03-2024 തീയതിയിലെ എഫ്3/43/2024/പജപവവിവ/നമ്പർ കത്ത്.
2) 11-06-2024 തീയതിയിൽ പാലക്കാട് ജില്ലാ പോലീസ് മേധാവി സമർപ്പിച്ച ജി4/18182/2024/പി നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു.

ശ്രീമതി. മരുതി സൂചന (1) പ്രകാരം ലഭ്യമായ പരാതിയിന്മേൽ അന്വേഷണം നടത്തി പാലക്കാട് ജില്ലാ പോലീസ് മേധാവി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പരാതിക്കാരിക്ക് പാരമ്പര്യമായി ലഭിച്ച സർവ്വേ നമ്പർ 523/I ൽ ഉൾപ്പെട്ട 6 ഏക്കർ വസ്തുവിന്റെ
ഉടമസ്ഥാവകാശം സംബന്ധിച്ച് TLA 1096/87 ആയി ഒറ്റപ്പാലം സബ് കളക്ടർ മുമ്പാകെ പരാതി
സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ 31.10.2023 തിയതി പരാതിക്കാരിക്കനുകൂലമായി വിധി വരുകയും,
ടി വസ്തു അളന്നു തിട്ടപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട അധികാരികൾ കാലതാമസം വരുത്തുകയും
ആയതിൻ്റെ അന്വേഷണ നടപടികൾക്കു ശേഷം റവന്യൂ അധികൃതർ ടി സ്ഥലം അളന്നു
തിട്ടപ്പെടുത്തുന്നതിനായി 13.02.2024 തിയ്യതി നിശ്ചയിക്കുകയും ആ വിവരം പരാതിക്കാരെ
ബോധിപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും, ഭൂമിയുടെ ഉടമസ്ഥാവകാശം നിലവിൽ എതിർകക്ഷിയുടെ
പേരിലായിരിക്കുകയും ബഹുമാനപ്പെട്ട ഒറ്റപ്പാലം സബ് കലകടർ അവർകളുടെ ഉത്തരവ്
നടപ്പിലാക്കാൻ കാലതാമസം നേരിടുകയും ചെയ്ത സാഹചര്യത്തിൽ പരാതിക്കാരി തർക്കസ്ഥലത്ത്
സ്ഥാപിച്ചിരുന്ന ഷെഡ് എതിർകക്ഷികൾ പൊളിച്ചതുമായി ബന്ധപ്പെട്ട് ഷോളയൂർ സ്റ്റേഷനിൽ
നൽകിയ പരാതിയിൻമേൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് നിയമോപദേശം ലഭിക്കുന്നതിനായി
അട്ടപ്പാടി ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലെ അസി.പബ്ലിക്ക് പ്രോസിക്യൂട്ടർ മുമ്പാകെ
അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിന് മറുപടിയായി പോലീസിന് നേരിട്ടെടുക്കാൻ
കഴിയാത്ത കുറ്റമായതിനാൽ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് ടി കുറ്റകൃത്യത്തിന് കേസ്സ് രജിസ്റ്റർ
ചെയ്യാൻ കഴിയില്ലെന്നും പരാതിക്കാരിയെ ടി കാര്യത്തിന് ബഹുമാനപ്പെട്ട കോടതിയെ യെ
സമീപിക്കുന്നതിന് നിർദ്ദേശിച്ചയക്കാനുമാണ് ഷോളയൂർ പോലീസിന് നിയമോപദേശം ലഭിച്ചതെന്നും
ടി വിവരം പരാതിക്കാരിയെ അറിയിക്കാൻ ശ്രമിച്ചപ്പോൾ പരാതിക്കാരി തെറ്റിദ്ധരിച്ച് രജിസ്റ്ററിൽ
ഒപ്പുവെക്കാതെ പോയിട്ടുള്ളതുമാണെന്നും 13.02.2024 തീയതി റവന്യൂ അധികൃതർ ടി സ്ഥലം അളന്നു
തിട്ടപ്പെടുത്തി നൽകുന്നതിനായി സ്ഥലത്ത് വരികയും ആ സമയം എതിർകക്ഷിയായ രാമസ്വാമി S/o
മന്ത്രിയപ്പ കൗണ്ടർ, കല്യക്കർ എന്നവർ ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ കളക്ടർ അവർകൾ മുമ്പാകെ
അപ്പീൽ സമർപ്പിച്ചിട്ടുള്ളതിനാൽ ടി സ്ഥലം റവന്യൂ അധികാരികൾ അളന്നു തിട്ടപ്പെടുത്താതിരുന്നതും
അപ്പീൽ വിധി വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള റിപ്പോർട്ട് ബഹു അട്ടപ്പാടി
ഭൂ രേഖാ തഹസിൽദാർ ഷോളയൂർ പോലീസിന് നൽകിയിട്ടുള്ളതുമാണ്. എതിർകക്ഷികൾ നൽകിയ
അപ്പീൽ നിലനിൽക്കുന്നതിനാൽ ബഹുമാനപ്പെട്ട കോടതിയെ സമീപിക്കാൻ ഷോളയൂർ പോലീസ്
പറഞ്ഞത് പരാതിക്കാരുടെ അറിവില്ലായ്മ കൊണ്ട് തെറ്റിദ്ധരിച്ചതിനാലാണ് ഷോളയൂർ
പോലീസിനെതിരെ ഇത്തരത്തിൽ പരാതിപ്പെടാൻ കാരണം എന്നുള്ളത് പരാതിക്കാരി മൊഴി
പറഞ്ഞിട്ടുള്ളതാണെന്നും, ബഹുമാനപ്പെട്ട കേരള സംസ്ഥാന പോലീസ് മേധാവി അവർകളുടെ
സർക്കുലർ നമ്പർ 04/2012, 16/2014 പ്രകാരം സിവിൽ സ്വഭാവമുള്ള പരാതികളിൽ പോലീസ്
നേരിട്ട് ഇടപെടേണ്ടതില്ല എന്ന നിർദ്ദേശമുള്ളതിനാൽ മേൽ വിഷയത്തിലും പോലീസ് അത്തരമൊരു
നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്നും നിയമവിരുദ്ധമായും പക്ഷം ചേർന്നുള്ള നടപടികളാണ്
പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത് എന്ന പരാതിക്കാരിയുടെ ആരോപണം തികച്ചും
വാസ്തവ വിരുദ്ധവും തെറിദ്ധാരണ മലമുണ്ടായ അറിവില്ലായ്മയാണ് എന്നുളള വിവരം റിപോർട്ടിൽ

അറിയിച്ചിരിക്കുന്നു.

സൂചന (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

**കൃഷ്ണകുമാർ ബി**
**സൂപ്രണ്ട് ഓഫ് പോലീസ്**
For Director General of Police-cum-State Police Chief

K8-57760/2024/PHQ

d13fa6

ഭരണഭാഷ - മാതൃഭാഷ

**പോലീസ്** **വകുപ്പ്**

**കേരളം**

**No. G4-18182/2024/P**
ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
✉spplkd.pol@kerala.gov.in
☏04912536700
തീയതി. 11-06-2024

പ്രേഷകൻ

**ജില്ലാ പോലീസ് മേധാവി**
പാലക്കാട്

സ്വീകർത്താവ്

**സംസ്ഥാന പോലീസ് മേധാവി**
കേരളം

സർ,,

വിഷയം : ശ്രീമതി.മരുതി, ഷോളയൂർ എന്നിവർ സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 26/2/2024 തിയ്യതിയിലെ K8-35253/2024/PHQ നമ്പർ കത്ത്.
2. 27/3/2024 തിയ്യതിയിലെ K8-57760/2024/PHQ നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു.

മേൽ പരാതി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, അഗളി മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. അന്വേഷണത്തിൽ നിന്നും പരാതിക്കാരിക്ക് പാരമ്പര്യമായി ലഭിച്ച സർവ്വേ നമ്പർ 523/I ൽ ഉൾപ്പെട്ട 6 ഏക്കർ വസ്തുവിൻറ ഉടമസ്ഥാവകാശം സംബന്ധിച്ച് TLA 1096/87 ആയി ഒറ്റപ്പാലം സബ് കലക്ടർ മുമ്പാകെ പരാതി സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ 31.10.2023 തിയതി പരാതിക്കാരിക്കനുകൂലമായി വിധി വരുകയും, ടി വസ്തു അളന്നു തിട്ടപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട അധികാരികൾ കാലതാമസം വരുത്തുകയും ആയതിന്റെ അന്വേഷണ നടപടികൾക്കു ശേഷം റവന്യൂ അധികൃതർ ടി സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനായി 13.02.2024 തിയ്യതി നിശ്ചയിക്കുകയും ആ വിവരം പരാതിക്കാരെ ബോധിപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും, ഭൂമിയുടെ ഉടമസ്ഥാവകാശം നിലവിൽ എതിർകക്ഷിയുടെ പേരിലായിരിക്കുകയും ബഹുമാനപ്പെട്ട ഒറ്റപ്പാലം സബ് കലകടർ അവർകളുടെ ഉത്തരവ് നടപ്പിലാക്കാൻ കാലതാമസം നേരിടുകയും ചെയ്ത സാഹചര്യത്തിൽ പരാതിക്കാരി തർക്കസ്ഥലത്ത് സ്ഥാപിച്ചിരുന്ന ഷെഡ് എതിർകക്ഷികൾ പൊളിച്ചതുമായി ബന്ധപ്പെട്ട് ഷോളയൂർ സ്റ്റേഷനിൽ നൽകിയ പരാതിയിൻമേൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് നിയമോപദേശം ലഭിക്കുന്നതിനായി അട്ടപ്പാടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലെ അസി പബ്ലിക്ക് പ്രോസിക്യൂട്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിന് മറുപടിയായി പോലീസിന് നേരിട്ടെടുക്കാൻ കഴിയാത്ത കുറ്റമായതിനാൽ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് ടി കുറ്റകൃത്യത്തിന് കേസ്സ് രജിസ്റ്റർ ചെയ്യാൻ കഴിയില്ലെന്നും പരാതിക്കാരിയെ ടി കാര്യത്തിന് ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുന്നതിന് നിർദ്ദേശിച്ചയക്കാനുമാണ് ഷോളയൂർ പോലീസിന് നിയമോപദേശം ലഭിച്ചതെന്നും ടി വിവരം പരാതിക്കാരിയെ അറിയിക്കാൻ ശ്രമിച്ചപ്പോൾ പരാതിക്കാരി തെറ്റിദ്ധരിച്ച് രജിസ്റ്ററിൽ ഒപ്പുവെക്കാതെ പോയിട്ടുള്ളതുമാണെന്നും 13.02.2024 തിയ്യതി റവന്യൂ അധികൃതർ ടി സ്ഥലം അളന്നു തിട്ടപ്പെടുത്തി നൽകുന്നതിനായി സ്ഥലത്ത് വരികയും ആ സമയം എതിർകക്ഷിയായ രാമസ്വാമി S/O മന്ത്രിയപ്പ കൗണ്ടർ, കല്യക്കർ എന്നവർ ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ കലക്ടർ അവർകൾ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതിനാൽ ടി സ്ഥലം റവന്യൂ അധികാരികൾ അളന്നു തിട്ടപ്പെടുത്താതിരുന്നതും അപ്പീൽ വിധി വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള റിപ്പോർട്ട് ബഹു അട്ടപ്പാടി ഭൂ രേഖാ തഹസിൽദാർ ഷോളയൂർ പോലീസിന് നൽകിയിട്ടുള്ളതുമാണ്.

എതിർകക്ഷികൾ നൽകിയ അപ്പീൽ നിലനിൽക്കുന്നതിനാൽ ബഹുമാനപ്പെട്ട കോടതിയെ സമീപിക്കാൻ ഷോളയൂർ പോലീസ് പറഞ്ഞത് പരാതിക്കാരുടെ അറിവില്ലായ്മ കൊണ്ട് തെറ്റിദ്ധരിച്ചതിനാലാണ് ഷോളയൂർ പോലീസിനെതിരെ ഇത്തരത്തിൽ പരാതിപ്പെടാൻ കാരണം എന്നുള്ളത് പരാതിക്കാരി മൊഴി പറഞ്ഞിട്ടുള്ളതാണെന്നും, ബഹുമാനപ്പെട്ട കേരള സംസ്ഥാന പോലീസ് മേധാവി അവർകളുടെ സർക്കുലർ നമ്പർ 04/2012, 16/2014 പ്രകാരം സിവിൽ സ്വഭാവമുള്ള പരാതികളിൽ പോലീസ് നേരിട്ട് ഇടപെടേണ്ടതില്ല എന്ന നിർദ്ദേശമുള്ളതിനാൽ മേൽ വിഷയത്തിലും പോലീസ് അത്തരമൊരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്നും നിയമവിരുദ്ധമായും പക്ഷം ചേർന്നുള്ള നടപടികളാണ് പോലീസിൻെറ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത് എന്ന പരാതിക്കാരിയുടെ ആരോപണം തികച്ചും വാസ്തവ വിരുദ്ധവും തെറ്റിദ്ധാരണ മൂലമുണ്ടായ അറിവില്ലായ്മയുമാണ് എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

അന്വേഷണ റിപ്പോർട്ടിന്റെയും, പരാതിക്കാരന് നൽകിയ മറുപടിയുടെയും, മൊഴിയുടെയും പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

G4-18182/2024/P

529860

ANAND R IPS
ജില്ലാ പോലീസ് മേധാവി

G4-18182/2024/P

529860